പതിമൂന്നാം കേരള നിയമസഭ

**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 596** 29-06-2015 ൽ മറുപടിക്ക്

**കൊയിലാണ്ടിയിലെ കെൽട്രോൺ ലൈറ്റിംഗ് ഡിവിഷൻ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ. ദാസൻ | ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) കൊയിലാണ്ടി മണ്ഡലത്തിൽ പ്രവർത്തിക്കുന്ന കെൽട്രോൺ ലൈറ്റിംഗ് ഡിവിഷനിൽ മുൻ സർക്കാരിന്റെ കാലത്ത് ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാം; | (എ) കൊയിലാണ്ടി മണ്ഡലത്തിൽ പ്രവർത്തിക്കുന്ന കെൽട്രോൺ യൂണിറ്റിൽ മുൻ സർക്കാരിന്റെ കാലത്ത് എനർജി മീറ്ററുകളുടെ നിർമ്മാണം തുടങ്ങിയെങ്കിലും വിജയകരമാകാത്തതിനാൽ നിർത്തിവയ്ക്കേണ്ടി വന്നു. |
| (ബി) ഈ സർക്കാർ പുതുതായി നടപ്പാക്കിയ പദ്ധതികൾ എന്തെല്ലാം; ഓരോ പദ്ധതിക്കും അനുവദിച്ച തുക എത്ര; പദ്ധതിയുടെ പുരോഗതി എത്രത്തോളമെന്ന് വിശദമാക്കുമോ; | (ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം മൂടാടി കെൽട്രോൺ യൂണിറ്റിനെ എൽഇഡി ലൈറ്റുകൾ നിർമ്മിക്കുന്ന കെൽട്രോൺ ലൈറ്റിങ്ങ് ഡിവിഷനായി നവീകരിക്കുകയുണ്ടായി. എൽഇഡി ലൈറ്റുകളുടെ നിർമ്മാണത്തിനും ഗുണപരിശോധനയ്ക്കുമായി മികച്ച യന്ത്രസാമഗ്രികളും മറ്റും മൂടാടി യൂണിറ്റിൽ സ്ഥാപിച്ചു. ഈ പദ്ധതിയ്ക്കായി സർക്കാർ തുക അനുവദിച്ചിട്ടില്ല. മൂടാടി യൂണിറ്റിൽ നിന്നുമുള്ള എൽഇഡി ലൈറ്റുകളുടെ നിർമ്മാണത്തോടെ കൺസ്യൂമർ ഇലക്ട്രോണിക്സ് വിപണിയിൽ കെൽട്രോൺ ശക്തമായ തിരിച്ചുവരവ് നടത്തി. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത സ്ഥാപനത്തിന്റെ വിവിധ വികസന ആവശ്യങ്ങൾ ഉന്നയിച്ച് സർക്കാരിൽ സമർപ്പിച്ച നിവേദനത്തിൽ സ്വീകരിച്ചിട്ടുള്ള തുടർ നടപടി വിശദമാക്കാമോ? | (സി) | നിവേദനത്തിൻമേലുള്ള നടപടികളുടെ ഭാഗമായി മൂടാടി യൂണിറ്റിന്റെ വികസന ആവശ്യങ്ങൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി വിവിധ ശ്രേണിയിലുള്ള എൽഇഡി ലൈറ്റുകളുടെ (ട്യൂബ് ലൈറ്റുകൾ, ബൾബുകൾ, ഡൗൺ ലൈറ്റുകൾ, ലാൻടേൺ ലൈറ്റ്, സ്ട്രീറ്റ് ലൈറ്റ്) ഉൽപ്പാദനം വർദ്ധിപ്പിക്കാനും രാജ്യമൊട്ടാകെ എൽഇഡി വിളക്കുകളിലേക്ക് മാറുന്ന സാഹചര്യം കാര്യക്ഷമമായ രീതിയിൽ ഉപയോഗപ്പെടുത്തി ബിസിനസ്സ് വർദ്ധിപ്പിക്കാനും ശ്രമിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ